**Athmaraksha.org**

യഥാർത്ഥ ക്രൈസ്തവ ജീവിതം

## നിങ്ങൾ സഭക്കുവേണ്ടി എന്തുചെയ്യും? ഫ്രാൻസിസ് പാപ്പ



ഫിലാഡെൽഫിയ: വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ലിയോ പതിമൂന്നാമൻ പാപ്പാ ഫിലഡെൽഫിയയിൽനിന്നുള്ള കാതറിൻ ഡ്രെക്സിന് അനുവദിച്ച അഭിമുഖത്തിൽ അവരോട് ചോദിച്ചു, നിങ്ങൾ സഭയ്ക്കുവേണ്ടി എന്താണ് ചെയ്യുവാൻ പോകുന്നത്? കാതറിന്റെ ജീവിതത്തെ ആ ചോദ്യം മാറ്റിമറിച്ചു. ഓരോ ക്രിസ്ത്യാനിയും മിഷനറിയാകാൻ വിളിക്കപ്പെട്ടവളാണ് എന്ന തിരിച്ചറിവ് അവർക്കുണ്ടായി. ദൈവത്തിന്റെ വിളി ക്ക് കാതോർക്കുകതന്നെ, അതവളെ വിശുദ്ധയാക്കി, വിശുദ്ധ കാതറിൻ ഡ്രെക്സിൻ.

അമേരിക്കൻസന്ദർശനത്തിന്റെ അവസാനപാദത്തിൽ ഫിലഡെൽഫിയയിലെത്തിയ ഫ്രാൻസിസ് പാപ്പാ സഭയിൽ അൽമായർക്കുള്ള പങ്കിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. വിശുദ്ധ പത്രോസിന്റെയും പൗലോസിന്റേയും ബസിലിക്കയിൽ അർപ്പിച്ച ദിവ്യബലിമധ്യേ നടത്തിയ പ്രസംഗത്തിലാണ് ഓരോ വിശ്വാസിയുടെയും വിളിയെക്കുറിച്ച് അദ്ദേഹം സംസാരിച്ചത്. സഭയെ പണിയുക എന്നാൽ വേലിക്കെട്ടുകൾ നിർമ്മിക്കുക എന്നല്ല പൊളിക്കുക എന്നാണർത്ഥം. ചെറുസമൂഹങ്ങളെ രൂപപ്പെടുത്തി വിശ്വാസത്തിൽ ജീവിക്കണം. ഓരോ വിശ്വാസിയും അവർക്കാകുന്ന മിഷൻപ്രവർത്തനം ചെയ്യണം.'നിങ്ങൾ സഭയ്ക്കുവേണ്ടി എന്തു ചെയ്യും?' എന്ന ചോദ്യം ഉന്നയിച്ചത് ഒരു ചെറുപ്പക്കാരി പെൺകുട്ടിയോടാണ്. ഓരോ ചെറുപ്പക്കാരും ഈ ചോദ്യം ഹൃദയത്തിൽ ആവർത്തിക്കണം. ചെറുപ്പക്കാരായ അൽമായരുടെ സിദ്ധികളും ദാനങ്ങളും സഭാ ശുശ്രൂഷകളിൽ ഫലപ്രദമായി ഉപയോഗിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. നമ്മുടെ ഇടവകകളും സ്കൂളുകളും സ്വന്തം ക്രിസ്ത്വാനുഭവം ഉത്സാഹത്തോടെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവരുടെ ഇടങ്ങളായി മാറണം. പാപ്പാ പറഞ്ഞു. സഭയുടെ ദൗത്യത്തിൽ തുല്യമായ ഉത്തരവാദിത്തം ഓരോ വിശ്വാസിക്കുമുണ്ടെന്ന തിരിച്ചറിവുണ്ടാകണം. പുരോഹിതനും സന്യാസിയും അൽമായനും കരംകോർത്തു ചെയ്യേണ്ട ശുശ്രൂഷയാണിത്. അൽമായശുശ്രൂഷകളെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് വളർത്താനുള്ള അവസരമുണ്ടാകണം.

സഭാനിർമ്മിതിയിൽ അൽമായരെ കൂടുതൽ ചേർത്തുവയ്ക്കുവാനുള്ള ആഹ്വാനമായിരുന്നു പാപ്പയുടെ ഫിലഡെൽഫിയ സന്ദർശനത്തിൽ മുഴങ്ങിനിന്നത്. സ്ത്രീ- പുരുഷവ്യത്യാസമില്ലാതെ ക്രിസ്തുവിന്റെ മിഷൻ തുടർന്നുപോകാൻ ഏവരേയും പാപ്പാ ആഹ്വാനം ചെയ്തു.